No. CEE/535/PGN/2018/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## പി.ജി.നഴ്സിംഗ് കോഴ്സ്-2018-ലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ്

2018-19 വർഷത്തെ പി.ജി നഴ്സിംഗ് കോഴ്സിൽ സർക്കാർ നഴ്സിംഗ് കോളേജുകളിലെയും, സ്വകാര്യ സ്വാശ്രയ/സഹകരണ നഴ്സിംഗ് കോളേജുകളിലേക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ് **2018 ഒക്ടോബർ 12 (വെള്ളിയാഴ്ച) ഉച്ചയ്ക്ക് 12-ന് തിരുവനന്തപുരം, പാളയം എൽ.എം.എസ്. കാമ്പൗണ്ടിലുള്ള റ്റി.ജെ.എം ഹാളിൽ** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്.

**സ്പോട്ട് അലോട്ട്മെന്റിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ**

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PG Nursing 2018-Candidate Portal'** എന്ന ലിങ്ക് വഴി ലോഗ്-ഇൻ ചെയ്ത് **'Spot Allotment Registration'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ്'** ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ് സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

**സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും**

(i) പ്രോസ്പെക്ടസ് ക്ലോസ് 12(xix)-ലെ വ്യവസ്ഥകൾ പാലിച്ചായിരിക്കും സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്.

(ii) 17.09.2018-ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്.

(iii) സ്പോട്ട് അലോട്ട്മെന്റ് നഴ്സിംഗ് കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(iv) സ്പോട്ട് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത സീറ്റിൽ അഡ്മിഷൻ എടുക്കാതിരുന്നാൽ പ്രോസ്പെക്ടസിലെ ക്ലോസ് 16 പ്രകാരം നഷ്ടപരിഹാരം നൽകേണ്ടിവരും.

**സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ 17.10.2018 വൈകുന്നേരം 5 മണിയ്ക്കകം ബന്ധപ്പെട്ട കോളേജിൽ പ്രവേശനം നേടേണ്ടതാണ്.**

**അഡ്മിഷൻ സമയത്ത് കോളേജിൽ ഹാജരാക്കേണ്ട രേഖകൾ:-**

1. പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന അലോട്ട്മെന്റ് മെമ്മോ.
2. എസ്.എസ്.എൽ.സി./ ജനന തീയതി തെളിയിക്കുന്ന മറ്റു സ്കൂൾ രേഖകൾ/ ജനന സർട്ടിഫിക്കറ്റ് / പാസ്സ്പോർട്ട് എന്നിവയിൽ ഒന്നിന്റെ അസ്സൽ.
3. യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകളും പാസ്സ് സർട്ടിഫിക്കറ്റും (അസ്സൽ).
4. കേരള നഴ്സസ് & മിഡ്വൈഫ്സ് കൗൺസിൽ നൽകിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
5. പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്.
6. വിദ്യാർത്ഥി അവസാനം പഠിച്ച സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ സർട്ടിഫിക്കറ്റും സ്വഭാവ സർട്ടിഫിക്കറ്റും.
7. അടുത്തകാലത്തെടുത്ത രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
8. കേരളത്തിന് പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ/ ബോർഡുകളിൽ നിന്ന് യോഗ്യതാ പരീക്ഷ പാസായ അപേക്ഷകർ പ്രസ്തുത പരീക്ഷകൾ അംഗീകരിച്ചിട്ടുള്ളതായി കേരളത്തിലെ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി നൽകുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
9. നേറ്റിവിറ്റി/ സംവരണം/ ഫീസ് ഇളവ് എന്നിവ തെളിയിക്കുന്നതിനായി ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ അസ്സൽ.
10. പ്രോസ്പെക്ടസ്/ വിജ്ഞാപനങ്ങൾ/ അലോട്ട്മെന്റ് മെമ്മോ എന്നിവയിൽ പറഞ്ഞിട്ടുള്ള മറ്റ് സർട്ടിഫിക്കറ്റുകൾ/ രേഖകൾ.

**നിലവിൽ ഒഴിവുള്ള സീറ്റുകളുടെ കാറ്റഗറി തിരിച്ചുള്ള വിവരം www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ 10.10.2018-ന് പ്രസിദ്ധീകരിക്കുന്നതാണ്.**

**Help Line Numbers: 0471 2332123, 2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
09.10.2018

പ്രവേശന പരീക്ഷാ കമ്മീഷണർ